**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2500** **06-10-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ കൊല്ലം - നെല്ല്യാടി - മേപ്പയൂർ റോഡിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര - കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ പ്രധാന റോഡായ കൊല്ലം-നെല്ല്യാടി - മേപ്പയ്യൂർ റോഡിന്റെ പ്രവൃത്തിയ്ക്ക് എത്ര രൂപയുടെ ധനകാര്യ അനുമതിയാണ് കിഫ്ബിയിൽ നിന്നും ലഭിച്ചതെന്നും ഇതിന്റെ നിലവിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ; | (എ) | 01.11.2016-ലെ GO(Rt)No 1502/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കൊല്ലം – നെല്ല്യാടി - മേപ്പയൂർ റോഡിന് കിഫ്ബി 28.10.2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുൾപ്പടെ 38.96 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പദ്ധതിയ്ക്കായി നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഇമ്പാക്ട് അസ്സസ്സ്മെന്റ് പൂർത്തിയാക്കി 11 (1) പ്രകാരം നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടും മറ്റ നടപടികൾ പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 28.10.2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ധനാനുമതി ലഭിച്ച ഈ പ്രവൃത്തിയ്ക്കായി 02/11/2021-ലെ GO (Rt) No. 3675/2021/RD പ്രകാരമാണ് കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ 1.6555 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിച്ചത്. എന്നാൽ ഭൂമിയേറ്റെടുക്കൽ നടപടികളിൽ കാലതാമസം നേരിട്ടിരുന്നതിനാൽ ടി പ്രവൃത്തി ഡെഫർ ചെയ്യുന്നതിന് കിഫ്ബി തീരുമാനിച്ചിരുന്നു. ഇതിനിടെ ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 4(1) വിജ്ഞാപനം 18/09/2023-ന് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് റോഡിന്റെ പുതുക്കിയ അലൈൻമെന്റിന് 14.01.2024-ന് അംഗീകാരം നല്കിയിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. നിലവിൽ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 04.06.2025-ന് 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പദ്ധതി ഡെഫേർഡ് ലിസ്റ്റിൽ നിന്നും ഒഴിവാക്കി പ്രവൃത്തിയുമായി മുന്നോട്ട് പോകുന്നതിന് കിഫ്ബി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | ഇതിന്റെ തുടർ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂമിയേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് കിഫ്ബി നിർവ്വഹണ ഏജൻസിയായ |

| | | | |
|---|---|---|---|
| | | | KRFB-ക്ക് നിർദ്ദേശം നൽകുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് റവന്യൂ വകുപ്പ് മുഖേന ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാവുന്നതാണ്. ഭൂമിയേറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ